# പൂമ്പാറ്റ

ഡിജിറ്റൽ മാഗസിൻ 2024

ഗവ. ഹയർ സെക്കന്ററി സ്കൂൾ

മൊഗ്രാൽപുത്തൂർ




## ആമുഖക്കുറിപ്പ്

2021-24 വർഷത്തെ മൊഗ്രാൽ പുത്തൂർ ഗവണ്മെന്റ് ഹയർ സെക്കന്ററി സ്കൂൾ ലിറ്റിൽ കൈറ്റ്സ് ബാച്ചിലെ വിദ്യാർത്ഥികൾ ചേർന്നൊരുക്കിയ ഡിജിറ്റൽ മാഗസിൻ ആണ് 'പൂമ്പാറ്റ'. വിവര സാങ്കേതിക വിദ്യയിൽ വളർന്നുവരുന്ന പുതുതലമുറ പ്രതിഭകളുടെ കയ്യൊപ്പ് ചാർത്തിയിരിക്കുന്ന 'പൂമ്പാറ്റ' കഥയും കവിതയും ലേഖനങ്ങളും കൊണ്ട് മികവുറ്റതായിരിക്കുന്നു. ഗുരുനാഥന്മാരുടെയും കൂട്ടുകാരുടെയും അനുഗ്രഹാശ്ശിസുകളോടെ നിങ്ങളുടെ മുന്നിൽ വായനക്കായി സമർപ്പിക്കുന്നു .

എഡിറ്റർ

***Asiyath Nafila***

# പൂമ്പാറ്റ

***പുള്ളിയണിഞ്ഞ പൂമ്പാറ്റ***

പൂമ്പാറ്റേ പൂമ്പാറ്റേ പുള്ളിയണിഞ്ഞൊരു  പൂമ്പാറ്റേ

എന്തൊരു ഭംഗി നിൻ മേനി...

പുള്ളിയാണിഞ്ഞൊരു ചിറകുകളും

വർണ്ണം വിതറിയ മേനിയുമായി ...

പൂവുകൾ തോറും പാറി നടന്ന്

പൂന്തേൻ ഉണ്ണും പൂമ്പാറ്റേ ...

പൂമ്പാറ്റേ കൊച്ചു പൂമ്പാറ്റേ

എന്നുടെ കൂടെ കളിക്കാമോ .



പൂമ്പാറ്റ

# ഓർമ്മ സാക്ഷി

മഴ നിറയും മുകിൽ വനം,
മിഴിനീരിൽ നിറയുന്നു.
കനലേറും കരിവാനം,
കണ്മുന്നിൽ തെളിയുന്നു
നിറമേകും വെൺപുഷ്പം,
വാടുന്നു മറയുന്നു.
കടൽ പോലെ നീളുന്ന
പുഴയിന്നു വരളുന്നു.
കുയിൽ മീട്ടും ഈണങ്ങൾ,
മറയുന്നു കതോളം.
തണലേകും വനമിന്നു
കൊഴിയുന്നു കരയുന്നു.
മറയുന്ന വസന്തങ്ങൾ,
ഞാനാണെന്നു കണ്ടെത്തും.
അറിയില്ല എനിക്കൊന്നും
വിജനമീ വേളയിൽ
മറയുന്നീ കാലത്തു,
ഓർമ്മകൾ ബാക്കിയായി.





## മറയുന്ന മഴക്കാലം

പ്രകൃതിയോടുള്ള മനുഷ്യൻറെ അടങ്ങാത്ത ചൂഷണ തൃഷ്ണ തീർത്ത തിക്തതയുടെ ഫലമയി മഴ കിട്ടാക്കനിയാവുകയാണ്. മഴക്കാലം എന്നത് ഒരു കാലമല്ലാതാവുകയാണ്. കരിമുകിലുകൾ പെയ്തിറങ്ങണോ എന്ന് ശങ്കിക്കുന്നു. ചിലപ്പോഴത് പെരുമഴയായി ആസുരത പൂണ്ട് തിമർത്താടുന്നു.എല്ലാം കാലവും നേരവും തെറ്റി. മഴയുടെ കനിവും അനുഗ്രഹവും പോയ് മറയുകയാണോമഴയെക്കുറിച്ചുള്ള ചില കവി ഭാവനകൾ. മഴയുടെ കനിവും അനുഗ്രഹവും വിരഹവും ആസുരതയും എല്ലാം നമുക്ക് കവി വരികളിൽ കാണാം.

പതിറ്റാണ്ടു മുമ്പത്തെ നാട്ടിൻപുറങ്ങളിലെ മഴക്കാഴ്ച വരച്ചുകാട്ടുകയാണ് മഴഎന്ന കവിതയിൽ ഒ.എൻ. വി.

കൊട്ടിപ്പാടുന്നു മഴ
നടവരമ്പത്തൊരു
കുട്ടിയുണ്ടതിൻ കൈയിൽ
പുസ്തകം പൊതിച്ചോറും

കുടയായൊരു തുശ-
നിലയും അതുകൊത്തി-
ക്കുടയുവോ മഴ-
ക്കാറ്റിൻറെ കാക്കക്കൂട്ടം

ഈ കാഴ്ച എപ്പോഴേ നമുക്ക് നഷ്ടമായി...

പൂമ്പാറ്റ

## ജലം ജീവാമൃതം

ജീവന്റെ അവിഭാജ്യ ഘടകമാണ് ജലം ആദ്യമായി ജീവൻ ഉദ്ഭവിച്ചത് ജലത്തിൽ നിന്നാണെന്ന ശാസ്ത്രം പറയുന്നത് . ഭൗമോപരിതലത്തിന്റെ 70% ജലാശയങ്ങൾ ആണ്,അതിൽ 3 %മാത്രമേ ശുദ്ധ ജലം ഉള്ളൂ അതിൽ തന്നെ ഏതാണ്ട് 2 % ധ്രുവപ്രദേശങ്ങളിൽ തണുത്തുറഞ്ഞു കിടക്കുന്നു. കേവലം 1 %മാത്രമാണ് എല്ലാ ജലാശയങ്ങളിലുംഉള്ള ശുദ്ധ ജലം. ഈ ഒരു ശതമാനത്തിൽ ഏറ്റവും കൂടുതൽ ജലം ഉപയോഗിക്കുന്നതും മലിനമാക്കുന്നതുംമനുഷ്യർ ആണ്. .

കുടിവെള്ളം,ഭക്ഷ്യോത്പാദനം,ശുചിത്വം,ഊർജോല്പാദനം വരെ മനുഷ്യൻ ജലത്തെ മുതൽ വിനോദത്തിനു വരെ മനുഷ്യൻ ജലത്തെ ആശ്രയിക്കുന്നു. ജല ദൗർലഭ്യം, സുരക്ഷിതമല്ലാത്ത കുടിവെള്ളം, ജല ജന്യ രോഗങ്ങൾ എന്നിവ ജലം നേരിടുന്ന പ്രധാന വെല്ലുവിളികൾ ആണ്.ജലം അമിതമായി പാഴാക്കിയും ജലസ്രോതസ്സുകളിൽ പ്ലാസ്റ്റിക്കുകളും മറ്റു മാലിന്യങ്ങൾ വലിച്ചെറിഞ്ഞും ജലസ്രോതസ്സുകൾ മണ്ണിട്ട് നികത്തിയും അവിടെ വലിയ കെട്ടിടങ്ങൾ പണിതും മനുഷ്യൻ ഇന്ന് ജല സ്രോതസ്സുകളെ ഇല്ലാതാക്കി കൊണ്ടിരിക്കുന്നു .

മനുഷ്യന്റെ ഈ കടന്നുകയറ്റം മൂലം പ്രകൃതിയിൽ ഒട്ടേറെ ജീവജാലങ്ങൾക്ക് വംശനാശം സംഭവിച്ചു കൊണ്ടിരിക്കുന്നു.മനുഷ്യൻ ഇങ്ങനെയുള്ള കൊടും ക്രൂരതകൾ ചെയ്യുമ്പോൾ വരാനിരിക്കുന്ന കൊടും വേനൽക്കാലത്തെ കുറിച്ച് ചിന്തിക്കുന്നില്ല.വരും തലമുറയ്ക്ക് കുടി വേണ്ടി ജലം സംരക്ഷിക്കാനുള്ള ഉത്തരവാദിത്തം മനുഷ്യൻ മറന്നു പോകുന്നു . പണ്ട് സാമുവൽ കോൾറിഡ്ജ് പാടിയിട്ടുണ്ട്

**വെള്ളം വെള്ളം സർവത്ര**
**തുള്ളി കുടിപ്പാൻ ഇല്ലത്രെ**

കവിയുടെ ഈ വരികൾ അര്ഥവത്താക്കുന്ന രീതിയിലേക്കാണ് മനുഷ്യ രാശിയുടെ കുതിപ്പ് .ജലം പാഴാക്കുകയും മലിനമാക്കുകയും ചെയ്യുന്ന ഓരോ തുള്ളി ജലത്തിന്റെയും പ്രധാന്യം ഓർമിപ്പിക്കാനാണ് എല്ലാ വർഷവും മാർച്ച് 22 ലോക ജല ദിനമായി ആചരിക്കുന്നത്.ഓരോ വർഷവും ജല സംരക്ഷണത്തെക്കുറിച്ചു നാം ചർച്ച ചെയ്യാറുണ്ട് . എന്നാൽ ചില സംരക്ഷണങ്ങൾ കേവലം ചർച്ചകളിൽ മാത്രം ഒതുങ്ങി പോകുന്നു. ജലത്തിന് സ്വർണത്തേക്കാൾ വില നൽകേണ്ടി വരുന്ന കാല ഘട്ടത്തിലേക്കാണ് ലോകം സഞ്ചരിച്ചുകൊണ്ടിരിക്കുന്നത് . ഇനിയൊരു ലോക മഹാ യുദ്ധമുണ്ടെങ്കിൽ അത് ജലത്തിന് വേണ്ടി മാത്രം ആയിരിക്കും. ജലത്തിന് പകരം വയ്ക്കാൻ മറ്റൊന്നിനും കഴിയില്ലെന്ന തിരിച്ചറിവ് ഓരോ മനുഷ്യരിലും ഉണ്ടാകണം.

# ലഹരി ആപത്ത്

ലഹരി സംഘങ്ങളും ലഹരി ഉപയോഗവും വർധിച്ച് വരുന്ന ഒരു സമൂഹത്തിലാണ് നാമിന്നു ജീവിക്കുന്നത് . കൊള്ളയും കൊലയും നിറഞ്ഞ സമ കാലീക സമൂഹത്തിലെ വർത്തമാന പത്രങ്ങളിൽ ഈ അടുത്തായി നിറഞ്ഞ് നിന്നത് വിദ്യാർത്ഥികളിൽ വർധിച്ച് വരുന്ന ലഹരി ഉപയോഗത്തെയും ലഹരി മാഫിയകളെയും കുറിച്ചാണ് .വർത്തമാന സമൂഹം നനേരിടുന്ന ഏറ്റവും വലിയ പ്രശ്നമായി മാറിയിരിക്കുകയാണ് ലഹരി മാഫിയയുടെ വർദ്ധനവ് .ലഹരി കടത്തിനായി ഉപയോഗിക്കുന്നത് മുതിർന്നവരെയല്ല പാവങ്ങളായ ബാല്യ
കൗമാരങ്ങളെയാണ് .തുടക്കത്തിൽ വിദ്യാർത്ഥികളിൽ ലഹരി ഉപയോഗത്തിനുള്ള സാഹചര്യങ്ങൾ
ഒരുക്കുകയും അവരുടെ നിസ്സഹായാവസ്ഥ ചൂഷണം ചെയ്ത് ലഹരി കടത്തിലേക്കു നയിക്കുന്നു. വിദ്യാലയങ്ങളെ കേന്ദ്രീകരിച്ചുവർധിച്ച് വരുന്ന ലഹരി മാഫിയകൾ നാം എല്ലാവരെയും ആശങ്കപ്പെടുത്തുന്നുണ്ട് . ലഹരി ഉപയോഗംവിദ്യാർത്ഥികളിൽ ഉണ്ടാക്കുന്ന പ്രത്യാഘാതങ്ങൾ നിരവധിയാണ് . തുടക്കത്തിൽ ഒരു കൗതുകമാണ്ലഹരി ഉപയോഗം നമ്മിൽ ഉളവാക്കുന്നതെങ്കിലും ലഹരി ഉപയോഗം വിദ്യാർത്ഥികളുടെ പഠനനിലവാരത്തെയാണ് മുഖ്യമായും ബാധിക്കുക.പഠനത്തിൽ മുമ്പന്തിയിൽ ഉണ്ടായിരുന്ന കുട്ടി പോലും ലഹരി ഉപയോഗം മൂലം പിന്നോക്കാവസ്ഥയിൽ എത്തുന്ന അവസ്ഥ വളരെ
ദയനീയമാണ് .അതിനുള്ള ഉദാഹരണങ്ങൾ നമ്മുടെ ചുറ്റുപാടുകളിൽ തന്നെ സുലഭമാണ് . അനിയന്ത്രിതമായ
ലഹരി ഉപയോഗം വർധിച്ച് വരുന്ന പീഡനത്തിലേക്കും കൊലപാതകങ്ങളിലേക്കും നയിക്കുന്നു. ലഹരി അവനവനെ തന്നെയല്ല അവന്റെ കുടുംബത്തെ കൂടി യാണ് ബാധിക്കുന്നത്.ലഹരി ഉപയോഗത്തെക്കാൾ വലിയ കുറ്റമാണ് ലഹരികടത്ത് . വാർത്ത താൽപര്യങ്ങൾക്ക് വേണ്ടി വിദ്യാർത്ഥികളുടെ ജീവിതം ബലിയാടാക്കുന്ന ലഹരി മാഫിയകളെ തുടച്ചു നീക്കേണ്ട സമയം അതിക്രമിച്ചിരിക്കുന്നു.

ഇന്നത്തെ വിദ്യാർത്ഥികളാണ് നാളത്തെ ലോകത്തിന്റെ നെടുംതൂൺ .വിദ്യാർത്ഥികളുടെ അറിവുമാണ് നാളത്തെ ലോകത്തിന്റെ സമ്പാദ്യം.ഇവരുടെ കഴിവും വിദ്യാഭ്യാസവും ആണ് ഒരു രാജ്യത്തിൻറെ സാമ്പത്തിക പുരോഗതിയുടെ അടിത്തറ .സ്വന്തം ജീവിതം ബലിയാടാക്കിക്കൊണ്ടാണ് ലഹരിക്കടത്ത് പോലുള്ളവ നമുക്ക് മുന്നിൽ എത്തുന്നത് എന്ന ബോധം നമ്മിൽ ഉടലെടുകേണ്ടത് അനിവാര്യമാണ്.സ്നേഹവും നന്മയും നിറഞ്ഞ സുന്ദരമായ ലോകത്തിന്റെ അടിത്തറയായി നമുക്ക് മാറാൻ സാധിക്കണം എന്നത് അനിവാര്യമാണ് .

# വനരോദനം

കരയുന്ന കാട്ടുകൾ
മനം നൊന്തു കരയുന്ന
കരയുന്ന കാട്ടുകൾ
മനം നൊന്തു കരയുന്ന
ആരുമേ കേൾക്കാതെ കരയുന്ന
കാട്ടുകൾ
എൻ കരച്ചിൽ ആരും
കേൾക്കാതെ പോകല്ലേ
കാതിൽ മുഴങ്ങും ചില രാക്ഷസ
നാദങ്ങൾ
കേൾക്കുമ്പോൾ തന്നെ കാട്ടു
നട്ടുങ്ങും
കാട്ടിലെ പൊൻ കിടാങ്ങൾ
ഭയക്കുന്ന രാക്ഷസ നാദങ്ങൾ ഇനി
കേൾക്കരുതേ
കാട്ടിലെ പൊൻ കിടാങ്ങൾ
ഭയക്കുന്ന രാക്ഷസ നാദങ്ങൾ ഇനി
കേൾക്കരുതേ
കാട്ടിലെ പൊൻ കിടാങ്ങളെ
കൊല്ലുന്ന
രാക്ഷസ മനുഷ്യർ ഈ പൊൻ
ഭൂമിക്കു ശാപം
കരയുന്ന കാട്ടുകൾ
കരയുന്ന കാട്ടുകൾ
കരയുന്ന കാട്ടുകൾ
മനം നൊന്തു കരയുന്ന

# മായുന്ന മുഖം

ഒരു ചെറു കുഴിയാന വളർന്നു
തുമ്പിയാകും പോലേ
ഒരു ചെറു പുഴു വളർന്നു
വർണ ശലഭം ആകും പോലെ
ഒരു ചെറു പെൺകുട്ടി വളർന്നു
സുന്ദര മഹിതയാവും പോലെ
പേര് ചെറു പെൺകുട്ടി വളർന്നു
സുന്ദര മഹിതയാവും പോലെ
ഓരോരോ കാലത്തിനനുസൃതമായി
മാറികൊണ്ടിരിക്കുമീ എൻ ജീവിതം
എന്തെ ഒന്നും മിണ്ടാതെ കിടപ്പൂ
മെല്ലെ ......
എന്തെ ഒന്നും പറയാതെ
ഇരിപ്പൂ തനിയെ.....
ഒരു നറു പുഞ്ചിരി പോലും
പൊഴിക്കാനാവാതെ
ഉരുകിത്തീരുകയാണെന് ജന്മം
ആദിത്യ കിരണങ്ങൾ രാവിനാൽ
മായും പോലെ എന്നെൻ ദുരിതങ്ങൾ
മാഞ്ഞ് പോകും
കാത്തിരിപ്പൂ
ഞാനീ വരാന്തയിൽ നിനക്കായി
എന്നും കാത്തിരിപ്പൂ ഞാനൊരു
വേഴാമ്പലായി ........

പൂമ്പാറ്റ

## പ്രാർത്ഥനയോടെ...

വേലപുരം എന്ന അതിമനോഹര ഗ്രാമം. അവിടെ തന്റെ മക്കളെയും കുടുംബത്തെയുംനയിച്ച്കൊണ്ട്പോകുന്നഒരുസ്ത്രീയുണ്ടായിരുന്നുഅവളുടെപേര് ലളിത എന്നായിരുന്നു. ഒരുഓട്ടോഡ്രൈവർ ആയിരുന്ന അവരുടെ ഭർത്താവ് വാഹനാപകടത്തിൽ അയാളുടെ ഒരു കാൽ നഷ്ടപ്പെട്ടു .പിന്നീട് ആകുടുംബത്തിന്റെ മുഴുവൻ ഭാരവും ലളിതയുടെ തലയിലായി. പകൽ തൊഴിലുറപ്പിനു പോയും രാത്രി ഹോട്ടലുകളിൽ പത്രം കഴുകാൻ പോയും അവൾ തന്റെ കുടുംബത്തെ പുലർത്തി. ലളിതയ്ക്ക് രണ്ടു മക്കൾ അശ്വതിയും നിത്യയും.തൊട്ടടുത്ത ഗവണ്മെന്റ് സ്കൂളിലാണ് അവർ പഠിക്കുന്നത് . രാത്രി ഹോട്ടലിൽ ബാക്കി വരുന്ന ഭക്ഷണം ലളിത മക്കൾക്കും ഭർത്താവിനും വേണ്ടി കൊണ്ട് വരികയാണ് പതിവ് . എല്ലാ ദിവസവും കുട്ടികൾ അമ്മ കൊണ്ട് വരുന്ന ഭക്ഷണത്തിനു വേണ്ടി കാത്തിരിക്കും .ഹോട്ടലിൽ ബാക്കി ഒന്നും ഇല്ലെങ്കിൽ അന്ന് ആ വീട് അത്താഴ പട്ടിണിയിലായിരിക്കും .ലളിത എത്ര കഷ്ടപെട്ടിട്ടും ആ വീട് ദാരിദ്ര്യത്തിന്റെ പടുകുഴിയിലാണ് . ഒരു ദിവസം എന്നത്തേയും പോലെ രാവിലെ അവൾഎഴുന്നേറ്റു അടുക്കളയിൽ കയറി ചായ ഇടനായി ഗ്യാസ് ഓണാക്കിയപ്പോൾ അപ്രതീക്ഷിതമായ സ്ഫോടനം അവിടെ നടന്നു.അവിടെ ഗ്യാസ് സിലിണ്ടർ തൊട്ടടുത്ത പൊട്ടിത്തെറിച്ചു.ശബ്ദം കേട്ട് വീട്ടിലെ ദാമോദരേട്ടൻ ഓടിയെത്തി.ആ വീട് മൊത്തം കത്തി നശിച്ചു.എല്ലാവര്ക്കും ഗുരുതരമായ പൊള്ളലേറ്റു.ദാമോദരേട്ടൻ അവരെ പെട്ടെന്ന് തന്നെ വണ്ടി വിളിച്ചു ഹോസ്പിറ്റലിൽ എത്തിച്ചു.ഉടനെ എല്ലാവരെയും ഐ സി യു വിൽ പ്രവേശിപ്പിച്ചു .എല്ലാവരുടെയും നില അതീവ ജീവിതം ഗുരുതരമായിരുന്നു.ലളിതയുടെ ഇനി ആശുപത്രി കിടക്കയിൽ ബാക്കിയാവുമോ?അവൾ ജീവിതത്തിലേക്ക് തിരിച്ചു വരാൻ നമുക്ക് പ്രാർത്ഥിക്കാം........

ശുഭം.